**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 615** **05-10-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്കിലെ റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി നിരക്ക് പുതുക്കുന്നതുമായി ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശങ്ങൾ വൻകിട ഉപഭോക്താക്കളെ വഴിവിട്ട് സഹായിക്കുന്നതാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള കരട് റഗുലേഷൻ വൈദ്യുതി നിരക്ക് പുതുക്കുന്നതിന് വേണ്ടിയുള്ളതല്ല. കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുന്നതിനായുള്ള കരട് റഗുലേഷൻ മാത്രമാണ് 2021 ആഗസ്റ്റ് മാസം 6-ാം തീയതി പ്രസിദ്ധീകരിച്ചിരിക്കുന്നത്. പൊതുതെളിവെടുപ്പിന്റെയും നിർദ്ദേശങ്ങളുടെയും ഉപദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ. കമ്മീഷൻ ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന കരട് റഗുലേഷനിൽ വൻകിട ഉപഭോക്താക്കളെ വഴിവിട്ട വിധത്തിൽ സഹായിക്കുന്നതിനുള്ള യാതൊരു നിർദ്ദേശവുമില്ല. |
| (ബി) | സംസ്ഥാനത്താകെ ഒരേ വൈദ്യുതി നിരക്ക് എന്നതിൽ മാറ്റം വരുത്താനുള്ള നിർദ്ദേശമുണ്ടോ; | (ബി) | ഉണ്ട്. പ്രസ്തുത കരട് വിജ്ഞാപനത്തിന്റെ 85-ാം വകുപ്പിലാണ് നിർദ്ദേശം വച്ചിട്ടുള്ളത്. കേരള സംസ്ഥാനത്തിൽ നിലവിലുള്ള 10 വിതരണ ലൈസൻസികൾ വ്യവസായ വികസനത്തെ ത്വരിതപ്പെടുത്തുവാൻ ഉദ്ദേശിച്ച് സ്ഥാപിച്ചിട്ടുള്ളവയാണ്. ഇപ്പോൾ കരട് റഗുലേഷനിൽ നിർദ്ദേശിച്ചിട്ടുള്ള പുതിയ നയം കൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള വ്യവസായ പാർക്കുകളിൽ അവരുടെ നിയന്ത്രണത്തിലുള്ള ലൈസൻസികൾക്ക് അടിസ്ഥാന സൗകര്യ വികസന ചിലവ് കുറവായതിനാൽ, അതിലൂടെ ഉണ്ടാകുന്ന ആദായം പ്രസ്തുത പാർക്കുകളിൽ വരുന്ന സ്ഥാപനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വൈദ്യുതി നൽകുവാൻ ഉതകുന്ന രീതിയിലാണ്. ഇത് കേരള സംസ്ഥാനത്ത് കൂടുതൽ വ്യവസായ നിക്ഷേപകരെ ആകർഷിക്കുന്നതിന് കാരണമാകാവുന്നതാണ്. നിലവിലുള്ള ഈ |

| | | | |
|---|---|---|---|
| | | | വ്യവസായ പാർക്കുകളിൽ വ്യവസായ വികസനത്തിനും തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് വ്യത്യസ്തമായ നിരക്കുകൾ കരട് റഗുലേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കരട് റഗുലേഷന്മേൽ കമ്മീഷൻ നടത്തിയ പൊതുതെളിവെടുപ്പിൽ ലഭിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് കമ്മീഷൻ അന്തിമതീരുമാനം എടുക്കുന്നതാണ്. മാത്രമല്ല കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ സംസ്ഥാന സർക്കാരിന്റെ നയങ്ങളും നിർദ്ദേശങ്ങളും പൊതുജന താല്പര്യവും മുൻനിർത്തി മാത്രമേ ഏതൊരു തീരുമാനവും കൈക്കൊള്ളുകയുള്ളൂ. |
| (സി) | വൈദ്യുതി വിതരണത്തിൽ സ്വകാര്യ ലൈസൻസികളെ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഇക്കാര്യത്തിൽ നിലവിലുള്ള നിയമത്തിൽ ഏതെങ്കിലും മാറ്റത്തിനുള്ള ശുപാർശകൾ ഒന്നുതന്നെ കമ്മീഷൻ മുൻപാകെ ഇല്ല. സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതോ സർക്കാർ നയങ്ങൾക്ക് വിരുദ്ധമായതോ ആയ വകുപ്പുകൾ ഒന്നും തന്നെ കരട് റഗുലേഷനിൽ ഉൾപ്പെട്ടിട്ടില്ല. |
| (ഡി) | വൈദ്യുതി ബോർഡിനെ പ്രതികൂലമായി ബാധിക്കുന്നതായി പറയപ്പെടുന്ന നിർദ്ദേശങ്ങളിന്മേൽ നിലപാട് വിശദമാക്കുമോ? | (ഡി) | കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്ന യാതൊരു നടപടികളോ നിർദ്ദേശങ്ങളോ ഈ കരട് റഗുലേഷനിൽ ഇല്ല. |

സെക്ഷൻ ഓഫീസർ